പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 257 20/06/2013-ലെ മറുപടിക്ക്

## കേരള ഭൂപരിഷ്കരണ നിയമഭേദഗതി

**ചോദ്യം**
ശ്രീ. മാത്യു റ്റി. തോമസ്
ശ്രീ. ജോസ് തെറ്റയിൽ
ശ്രീ. സി. കെ. നാണു
ശ്രീമതി. ജമീലാ പ്രകാശം

**മറുപടി**
ശ്രീ.അടൂർപ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള ഭൂപരിഷ്ക്കരണ നിയമം ഭേദഗതി ചെയ്യുവാൻ പോകുന്നുവെന്ന് വകുപ്പ് മന്ത്രി പ്രസ്താവിച്ചത് മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അ ടിസ്ഥാനത്തിലാണോ; | (എ) | അതെ |
| (ബി) | എന്തെല്ലാം ഭേദഗതികൾ വരുത്താനാണ് ഉദ്ദേശിക്കുന്നത് ; | (ബി) | കേരള ഭൂപരിഷ്ക്കരണ ഭേദഗതി 2005 ലെ 21 ാം നിയമപ്രകാരമുള്ള 7 E വകുപ്പിലെ 4 ഹെക്ടർ എന്നുള്ളത് 4 ഏക്കർ എന്നാക്കി ഭേദഗതി ചെയ്യുന്നതിനും, 2012- ലെ 6 - ാ മത് നിയമം കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) നിയമം അനുസരിച്ച് തോട്ടഭൂമിയുടെ 5% മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കാൻ വ്യവസ്ഥ ചെയ്യുന്ന ഭാഗത്ത് പ്രസ്തുത ഭൂമിയുടെ ഉപയോഗം നിയന്ത്രിക്കത്തക്കരീതിയിൽ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്ന ഭൂമി സർക്കാർ പുറപ്പെടുവിക്കുന്ന നിയന്ത്രണങ്ങൾക്ക് വിധേയമായി ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ ആക്ട് ഭേദഗതി ചെയ്യുന്നതിനും കൃഷിക്കുപുറമേ ഡയറി ഫാമുകളുടെ നടത്തിപ്പ് കൂടി ഭൂപരിഷ്ക്കരണ നിയമം സെക്ഷൻ 81(4) ൽ ചേർത്ത് ഭേദഗതി ചെയ്യുന്നതിനുമാണ് പുതിയ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | നിലവിലെ നിയമ വ്യവസ്ഥകൾ പ്രകാരം ഭൂരഹിതകർഷക തൊഴിലാളികൾക്ക് വിതരണം ചെയ്യപ്പെടേണ്ട മിച്ചഭൂമി മുൻ ഉടമസ്ഥരിൽ തന്നെ നിക്ഷിപ്തമാക്കി കൊടുക്കണമെന്ന് ഉദ്ദേശിക്കുന്നുണ്ടോ ? | (സി) | 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിൻകീഴിൽ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം, മുമ്പ് മിച്ചഭൂമി കൈവശക്കാരുടെ ഉടമസ്ഥതയിലുണ്ടായിരുന്ന ഭൂമിയിൽ 1964 ഏപ്രിൽ 1-നുശേഷം, കൈവശാവകാശം സിദ്ധിച്ച ചെറുകിട ഭൂമി കൈവശക്കാരും അല്ലെങ്കിൽ നടപ്പുകുടിയാന്മാരും കുടിയൊഴിപ്പിക്കലിന് വിധേയരാക്കപ്പെടേണ്ടതാണ്. എന്നാൽ ഭൂമി പ്രതിഫലം നല്കി വാങ്ങിയതോ മറ്റുവിധത്തിൽ ആർജ്ജിച്ചതോ ആയി രജിസ്റ്റർ ചെയ്ത പ്രമാണങ്ങൾ മുഖാന്തിരമോ മറ്റുവിധത്തിലോ തെളിയിക്കപ്പെട്ടിട്ടുള്ള ഇത്തരം ചെറുകിട ഭൂമി കൈവശക്കാർ കുടിയൊഴിപ്പിക്കപ്പെടാതിരിക്കുക എന്നതാണ് സർക്കാരിന്റെ ഉദ്ദേശം. |

സെക്ഷൻ ഓഫീസർ